# പൂമംഗലം ഗ്രാമപഞ്ചായത്ത്




# പൗരാവകാശരേഖ
# 2026





## പൂമംഗലം ഗ്രാമപഞ്ചായത്ത്

# പൗരാവകാശ രേഖ – 2026

# POOMANGALAM GRAMAPANCHAYAT
# CITIZEN CHARTER - 2026


Editor : P. JAYA
Secretary, Poomangalam Grama Panchayat

Publishers : Poomangalam Grama Panchayat
Arippalam P.O.
Phone : 0480 - 2860210

Year : 2026

Cover Designing : Srees Print Media Vellangallur


## ഗ്രാമസഭ

### ഭരണഘടനാപരമായി
### അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട്
### പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

- ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
- അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്
- അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
- സുതാര്യത ഉറപ്പാക്കുന്നതിന്
- സാമൂഹ്യ നീതിയിലധിഷ്ഠിതമായ ഒരു നവഭാരത സൃഷ്ടിക്ക്

**ഗ്രാമസഭയിൽ പങ്കെടുക്കുക**
**അധികാരം വിനിയോഗിക്കുക**



# മുഖവുര

ആധുനിക ജനാധിപത്യ സമൂഹത്തിൽ ഗുണമേന്മയുള്ളതും കാര്യക്ഷമമായതും സുതാര്യതയുമുള്ള ഒരു ഭരണക്രമമാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അത്തരം ഒരു ഭരണക്രമം രൂപപ്പെടുത്തുന്നതിനുള്ള ഉപാധികളിൽ ഒന്നാണ് പൗരാവകാശരേഖ. ഭരണസ്ഥാപനങ്ങളിൽ നിന്ന് പൗരന്മാർക്ക് ലഭ്യമാകുന്ന വിവിധയിനം സേവനങ്ങളും അവയുടെ വ്യവസ്ഥകളും അവ ലഭ്യമാക്കുന്നതിനുള്ള സമയപരിധിയും പൗരാവകാശ രേഖയിലൂടെ സുവ്യക്തമാക്കപ്പെടുന്നു. ഭരണരംഗത്ത് കാര്യക്ഷമത ഉറപ്പുവരുത്തി നിയമാനുസരണവും സമയബന്ധിതവുമായി സേവനങ്ങൾ സുതാര്യമായി പ്രദാനം ചെയ്ത് സാമൂഹ്യനീതിയും ഭരണസുതാര്യതയും ഉറപ്പുവരുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടന പദവി നൽകിയ 73-ാം ഭേദഗതിയുടെ അന്തസത്തക്കനുസൃതമായി എല്ലാ അർത്ഥത്തിലും അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ജനപങ്കാളിത്ത ആസൂത്രണത്തിലും വികസനത്തിലും ലോകത്തിനുതന്നെ മാതൃകയായ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വിപുലമായ അധികാരങ്ങളാലും വിഭവങ്ങളാലും ശാക്തീകരിക്കപ്പെട്ടിരിക്കുന്നു. ജനങ്ങളുടെ സാമൂഹിക സുരക്ഷിതത്വത്തിലും ക്ഷേമപ്രവർത്തനങ്ങളിലും തൊഴിലവസരങ്ങൾ വികസിപ്പിക്കുന്നതിലും ചാലകശക്തിയായും സേവന ദാതാവായും ഉയർന്നുവരുവാൻ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്. വിഭവ സംബന്ധമായ ഒട്ടേറെ പരിമിതികളുണ്ടെങ്കിലും നമ്മുടെ പൂമംഗലം ഗ്രാമപഞ്ചായത്തിനും സാർത്ഥകമായ ഈ വളർച്ചയിൽ അഭിമാനകരമായ പങ്ക് നിർവഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

കാര്യക്ഷമതയും ഭരണസുതാര്യതയും ഉറപ്പാക്കികൊണ്ടുമാത്രമെ ഗ്രാമപഞ്ചായത്തുകൾക്ക് ജനാഭിലാഷം സാക്ഷാത്കരിക്കാനാകൂ. തദ്ദേശ സ്വയം ഭരണവകുപ്പിലും പൂമംഗലം ഗ്രാമപഞ്ചായത്തിലും നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ്, ഫ്രണ്ടാഫീസ്, കെ.സ്മാർട്ട് തുടങ്ങിയ സംവിധാനങ്ങൾ ഈ രേഖയിൽ വ്യക്തമാക്കിയിട്ടുള്ള സേവന ലഭ്യത കൂടുതൽ കാര്യക്ഷമമാക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടും രേഖ തയ്യാറാക്കാൻ സഹായിച്ചവരെയെല്ലാം നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടും പൗരവകാശരേഖ പൊതുജനസമക്ഷം സാദരം സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

അരിപ്പാലം
21-04-2026

**കെ.എസ്. തമ്പി**
പ്രസിഡന്റ്

# പുമംഗലം ഗ്രാമപഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പുമംഗലം ഗ്രാമ പഞ്ചായത്ത് |
| പഞ്ചായത്തിന്റെ ആസ്ഥാനം | : | അരിപ്പാലം |
| ഉൾപ്പെടുന്ന വില്ലേജ് | : | പുമംഗലം വില്ലേജ് മുഴുവനും |
| | : | മനവലശ്ശേരി വില്ലേജിന്റെ കുറച്ചു ഭാഗങ്ങളും |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളാങ്ങല്ലൂർ |
| താലൂക്ക് | : | മുകുന്ദപുരം |
| ജില്ല | : | തൃശൂർ |
| നിയമസഭാമണ്ഡലം | : | ഇരിഞ്ഞാലക്കുട |
| ലോകസഭാ മണ്ഡലം | : | തൃശൂർ |
| വിസ്തീർണ്ണം | : | 10.94 ച. കി.മി. |
| അതിരുകൾ | : | വടക്ക് – ഇരിഞ്ഞാലക്കുട നഗരസഭ<br>തെക്ക് – വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത്<br>പടിഞ്ഞാറ് – പടിയൂർ ഗ്രാമ പഞ്ചായത്ത്<br>കിഴക്ക് – വേളൂക്കര, വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്തുകൾ |
| ജനസംഖ്യ | : | 12541 (2011 ലെ സെൻസസ്) |
| സ്ത്രീകൾ | : | 6796 |
| പുരുഷന്മാർ | : | 5745 |
| പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ | : | 2668 (സ്ത്രീ 1414, പുരുഷൻ 1251, പട്ടികവർഗ്ഗം 0 |
| സാക്ഷരത നിരക്ക് | : | 91.8% |
| ആകെ വീടുകൾ | : | 4530 |
| **ആരോഗ്യസ്ഥാപനങ്ങൾ** | | |
| കുടുംബാരോഗ്യ കേന്ദ്രം | : | 1 |
| ആയുർവ്വേദ ഡിസ്പെൻസറി | : | 1 |
| ഹോമിയോ ഡിസ്പെൻസറി | : | 1 |
| വെറ്റിനറി ഡിസ്പെൻസറി | : | 1 |
| ഐ.സി.ഡി.പി. സബ്സെന്റർ | : | 1 |
| പബ്ലിക് ടാപ്പ് | : | 42 |
| റേഷൻ ഷാപ്പ് | : | 7 |
| **വിദ്യാഭ്യാസ സ്ഥാപനങ്ങൾ** | | |
| ഗവണ്മെന്റ് യു.പി. സ്കൂൾ | : | 1 |
| ഹൈസ്കൂൾ (എയിഡഡ്) | : | 1 |
| യു.പി. സ്കൂൾ | : | 3 |
| എൽ.പി. സ്കൂൾ | : | 1 |
| അങ്കണവാടികൾ | : | 12 |
| എസ്.സി. കോളനികൾ | : | 20 |
| എസ്.സി. വീടുകൾ | : | 288 |
| പഞ്ചായത്ത് നിലവിൽ വന്ന വർഷം | : | 01-07-1977 |
| വാർഡുകളുടെ എണ്ണം | : | 13 |
| പാർലമെന്റ് അംഗം | : | ശ്രീ. സുരേഷ് ഗോപി |
| നിയമസഭാ അംഗം | : | അഡ്വ. തോമസ് ഉണ്ണിയാടൻ |
| ജില്ലാ പഞ്ചായത്ത് അംഗങ്ങൾ | : | സി.ബി. ഷക്കീല ടീച്ചർ<br>ശ്രീ. ജോസ് ജെ. ചിറ്റിലപ്പിള്ളി |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീമതി വത്സല ബാബു<br>ശ്രീ. ജിതിൻ ഗോപി<br>ശ്രീമതി ജിസ്ന ഫ്രാൻസീസ് |

# ഭരണസമിതി അംഗങ്ങൾ



**കെ. എസ്. തമ്പി**
പ്രസിഡന്റ്



**കവിത സുരേഷ്**
വൈസ് പ്രസിഡന്റ്



**രാഖി ഗിരീഷ്**
വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ



**രാജേഷ് തുമ്പത്ത്**
മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



**സരസു മുരളി**
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ



**ഡാലിയ സലീഷ്**
3-ാം വാർഡ് മെമ്പർ



**സന്ധ്യ വിജയൻ**
4-ാം വാർഡ് മെമ്പർ



**ഇ.ആർ. വിനോദ്**
5-ാം വാർഡ് മെമ്പർ



**ടി.ആർ രാജേഷ്**
6-ാം വാർഡ് മെമ്പർ



**രഞ്ജിനി ടീച്ചർ**
7-ാം വാർഡ് മെമ്പർ



**ജൂലി ജോയ്**
9-ാം വാർഡ് മെമ്പർ



**സിദിക്ക് പി.എസ്**
10-ാം വാർഡ് മെമ്പർ



**താര അനിൽ**
12-ാം വാർഡ് മെമ്പർ



**അശ്വതി ജിനീഷ്**
13-ാം വാർഡ് മെമ്പർ



**പി. ജയ**
സെക്രട്ടറി

# പുമംഗലം ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളും മേധാവികളും

| | | |
|---|---|---|
| 1. | പുമംഗലം ഗ്രാമപഞ്ചായത്ത്<br>അരിപ്പാലം പി. ഒ. 680 688<br>ഫോൺ : 2860210 | **ശ്രീമതി പി. ജയ** സെക്രട്ടറി |
| 2. | പുമംഗലം കൃഷിഭവൻ<br>എടക്കുളം പി.ഒ., അരിപ്പാലം - 680 688<br>ഫോൺ : | **അഭയ സി.എം.**<br>കൃഷി ഓഫീസർ |
| 3. | പുമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രം<br>അരിപ്പാലം പി. ഒ. 680 688<br>ഫോൺ : 2864542 | **ഡോ. സന്തോഷ്കുമാർ കെ.എസ്**<br>മെഡിക്കൽ ഓഫീസർ |
| 4. | പുമംഗലം ഹോമിയ ഡിസ്പെൻസറി<br>എടക്കുളം, അരിപ്പാലം പി.ഒ. 680 688<br>ഫോൺ : 2834931 | **ഡോ. ജിഷ്ണു**<br>മെഡിക്കൽ ഓഫീസർ |
| 5. | പുമംഗലം ആയുർവ്വേദ ഡിസ്പെൻസറി<br>അരിപ്പാലം പി. ഒ. 680 688 | **ഡോ. രജിത ടി.**<br>മെഡിക്കൽ ഓഫീസർ |
| 6. | ഗവ. യു. പി. സ്കൂൾ, വടക്കുംകര<br>കൽപറമ്പ്, അരിപ്പാലം പി. ഒ. 680 688<br>ഫോൺ : 2867100 | **ശ്രീമതി ഷിനി പി.എസ്.**<br>ഹെഡ്മാസ്റ്റർ |
| 7. | പുമംഗലം വെറ്റിനറി ഹോസ്പിറ്റൽ<br>അരിപ്പാലം പി. ഒ. 680 688 | **ഡോ. സിജോ ജോസഫ്**<br>വെറ്റിനറി സർജൻ |
| 8 | അംഗൻവാടികൾ:<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | **ശ്രീമതി ബീന എൻ.യു.** |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്,<br>പി. ഒ. അരിപ്പാലം | **ശ്രീമതി സുബിത കെ.എസ്.** (പുമംഗലം സർക്കിൾ)<br>**ശ്രീമതി മിനി ടി** (എടക്കുളം സർക്കിൾ) |
| 10 | എൽ.എസ്.ജി.ഡി. എഞ്ചിനീയർ ഓഫീസ്<br>അരിപ്പാലം പി. ഒ. 680 688 | **ശ്രീമതി സന്ധ്യ പി.വി.** അസി.എഞ്ചിനീയർ<br>**ശ്രീ. ബാബു പി.പി.** ഓവർസീയർ<br>**ശ്രീ. കൃഷ്ണകുമാർ പി.എം.** ഓവർസീയർ |
| 11 | കുടുംബശ്രീ ഓഫീസ് | **ശ്രീമതി ഡിൽജി ബാബു**<br>സി.ഡി.എസ് ചെയർപേഴ്സൺ |
| 12 | തുടർ വിദ്യാഭ്യാസ കേന്ദ്രം | **ശ്രീമതി ഉഷ കെ.സി.**<br>സാക്ഷരത പ്രേരക് |

# ഭരണസമിതി അംഗങ്ങളുടെ പേരും വാർഡും ഫോൺ നമ്പറും

| | | വാർഡ് | ഫോൺ |
|---|---|---|---|
| പ്രസിഡന്റ് | **കെ.എസ്. തമ്പി** | 2 | 9496046144 |
| വൈ. പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | **കവിത സുരേഷ്** | 1 | 9562118453 |
| വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | **രാഖി ഗിരീഷ്** | 14 | 8593943842 |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | **രാജേഷ് തുമ്പരത്തി** | 11 | 9745309937 |
| ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ | **സമസ്യ മുരളി** | 8 | 9526761662 |
| മെമ്പർമാർ | **ഡാലിയ സലീഷ്** | 3 | 9846970812 |
| | **സന്ധ്യ വിജയൻ** | 4 | 9633655332 |
| | **വിനോദ് ഇ.ആർ** | 5 | 8289993204 |
| | **രാജേഷ് ടി.ആർ** | 6 | 8921516974 |
| | **രഞ്ജിനി ശ്രീകുമാർ** | 7 | 9142026257 |
| | **ജൂലി ജോയ്** | 9 | 9544090816 |
| | **സിരീഷ പി.എസ്.** | 10 | 7907298094 |
| | **താര അനിൽ** | 12 | 9605581259 |
| | **അശ്വതി ജിനീഷ്** | 13 | 7736839626 |

**ജീവനക്കാരുടെ വിവരങ്ങൾ**

**ശ്രീമതി പി. ജയ** (സെക്രട്ടറി)
**ശ്രീ. സതീഷ് തമ്പി** (അസിസ്റ്റന്റ് സെക്രട്ടറി)
**ശ്രീ. രമേഷ് പി.കെ.** (ഹെഡ് ക്ലർക്ക്)
**ശ്രീമതി സീന എ. തങ്കരാജ്** (എക്കൗണ്ടന്റ്)
**ശ്രീ. സലീഷ് വി.എം.** (സീനിയൽ ക്ലാർക്ക് SC 2 സെക്ഷൻ)
**ശ്രീ. ബെന്നി എം.ജെ** (സീനിയൽ ക്ലാർക്ക് SC 1 സെക്ഷൻ)
**ശ്രീ. സനൂപ് എ.സി.** (ക്ലാർക്ക് JC 1 സെക്ഷൻ)
**ശ്രീമതി സിജി കെ.എസ്.** (ക്ലാർക്ക് JC 2 സെക്ഷൻ)
**ശ്രീമതി രോഹിണി ടി.ആർ.** (ക്ലാർക്ക് JC 3 സെക്ഷൻ)
**ശ്രീ. ശ്രീനി രവി** (ലൈബ്രേറിയൻ ഗ്രേഡ് 4)
**ശ്രീ. മിഥുൻ കെ.എം.** (ഓഫീസ് അറ്റൻഡന്റ്)
**ശ്രീമതി മിനി ഫ്രാൻസീസ്** (പി.ടി.എസ്.)
**ശ്രീ. എസ്.സി. അനൂപ്** (ടെക്നിക്കൽ അസിസ്റ്റന്റ്)
**ശ്രീമതി സ്വാതി മോഹൻദാസ്** (പ്രൊജക്റ്റ് അസിസ്റ്റന്റ്)
**ശ്രീ. പി.എസ്. അനിൽ** (OA CUM ഡ്രൈവർ)

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**ശ്രീമതി ശർമ്മിള ശശിധരൻ** (അക്രഡിറ്റഡ് എഞ്ചിനീയർ)
**ശ്രീ. ഗോപാലകൃഷ്ണൻ ഇ.എസ്.** (ഓവർസിയർ)
**ശ്രീമതി അഞ്ജു സി.എസ്.** (അക്കൗണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ)

# പുമംഗലം ഗ്രാമപഞ്ചായത്ത്

## കേരള പഞ്ചായത്ത് രാജ് ആക്ട് 272 (എ)

### പൗരന്മാർക്ക് ഗ്രാമപഞ്ചായത്തുവഴി ലഭിക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നത്

| ക്രമനമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ടുന്ന വിധം | നിബന്ധനകളും ഹാജരാക്കേണ്ട രേഖകളും | അടയ്ക്കേണ്ട ഫീസ് | സേവനം ലഭ്യമാകുന്ന ഏറ്റവും വൈകിയ തിയതി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | എ) കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റുകൾ.<br><br>ബി) മതിൽ നിർമ്മാണത്തിനുള്ള പെർമിറ്റുകൾ<br>സി) കിണർ നിർമ്മാണത്തിനുള്ള പെർമിറ്റുകൾ. | K. Smart മുഖേന | 1. കെട്ടിടം, മതിൽ, കിണർ, മറ്റ് നിർമ്മിതികൾ ആരംഭിക്കുന്നതിന് മുമ്പായി പ്ലാൻ സഹിതം അപേക്ഷ നൽകണം. (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടപ്രകാരം)<br>2. മതിൽ നിർമ്മിക്കുന്നത് ഏതെങ്കിലും പൊതുവഴിയോടോ സർക്കാർ, പഞ്ചായത്ത് ഭൂമിയോടോ, സർക്കാർ തോടുകളോടോ ചേർന്ന ഭൂമിയിൽ ആണെങ്കിൽ മാത്രം പെർമിറ്റ് എടുത്താൽ മതിയാകും.<br>3. മറ്റ് അധികാര സ്ഥാപനങ്ങളുടെ മുൻകൂർ അനുവാദം ആവശ്യമായ നിർമ്മാണ പ്രവർത്തികൾക്ക് ആയത് ലഭിച്ച ശേഷമേ പെർമിറ്റ് നൽകുകയുള്ളൂ<br>**ഹാജരാക്കേണ്ട രേഖകൾ**<br>1 ആധാരത്തിന്റെ പകർപ്പ്<br>2 വില്ലേജ് ഓഫീസിൽനിന്നും സമീപ തിയതിയിൽ വാങ്ങിയ കൈവശരേഖ അല്ലെങ്കിൽ തണ്ടപ്പേർ ഉണ്ടെങ്കിൽ അടച്ച രസീതിയുടെ<br>3 പകർപ്പ്/അല്ലെങ്കിൽ സഹിതം | 1. അപേക്ഷാ ഫീസ്<br>2. പെർമിറ്റ് ഫീ കെട്ടിട നിർമ്മാണച്ചട്ടം അനുശാസിക്കുന്ന പ്രകാരം | 1. മറ്റ് അധികാരകേന്ദ്രങ്ങളുടെ സഹായം ആവശ്യമില്ലെങ്കിൽ ഏറ്റവും കൂടിയ സമയം 15 ദിവസം<br>2. അനുവാദം ആവശ്യമുള്ളത് അനുവാദം ലഭിച്ച് 3 ദിവസത്തിനകം |
| 2 | പെർമിറ്റില്ലാത്ത നിർമ്മാണം/ കെട്ടിട നിർമ്മാണ ക്രമവൽക്കരണം | K. Smart മുഖേന | **ഹാജരാക്കേണ്ട രേഖകൾ**<br>1. അപേക്ഷ<br>2. ആധാരത്തിന്റെ പകർപ്പ്<br>3. കൈവശ സർട്ടിഫിക്കറ്റ്<br>4. സൈറ്റ് പ്ലാൻ, അനുബന്ധ പ്ലാൻ | ചട്ടങ്ങൾക്ക് അനുസൃതം | പെർമിറ്റ് ഫീസിന്റെ ഇരട്ടി |
| 3 | പെർമിറ്റ് കാലാവധി നീട്ടൽ | K. Smart മുഖേന | അസ്സൽ പെർമിറ്റും അംഗീകരിച്ച പ്ലാനും | പെർമിറ്റ് ഫീയുടെ 10% | അന്നേദിവസം |
| 4 | പെർമിറ്റ് പുതുക്കൽ (കാലാവധി കഴിഞ്ഞ് 1 വർഷത്തിനകം) | - do - | അസ്സൽ പെർമിറ്റും അംഗീകരിച്ച പ്ലാനും | പെർമിറ്റ് ഫീയുടെ 50% | അന്നേദിവസം |
| 5 | പെർമിറ്റിന്റെ ഉടമസ്ഥാവകാശം മാറ്റൽ | - do - | **ഹാജരാക്കേണ്ട രേഖകൾ**<br>1. അസ്സൽ പെർമിറ്റും അംഗീകരിച്ച പ്ലാനും<br>2. താണ്ട് മുനിസിപ്പൽ അടച്ച രസീതിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>3. കൈവശാവകാശരേഖ | പെർമിറ്റ് ഫീയുടെ 10% | 5 ദിവസം |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 6 | കെട്ടിട നമ്പർ ലഭിക്കുന്നതിന് | K. Smart മുഖേന | 1. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 15 ദിവസത്തിനകം<br>2. കെട്ടിട നിർമ്മാണചട്ടം അനുശാസിക്കുന്ന നിബന്ധനകൾ പാലിച്ചിരിക്കണം. | വസ്തു നികുതി ചുമത്തുന്നതിനുള്ള വിട്ടാൽ പ്രകാരം സ്വയം നിശ്ചയിച്ച നികുതി അടക്കേണ്ടതാണ് | 30 ദിവസം |
| 7 | കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ | K. Smart മുഖേന | നിബന്ധനകൾ<br>1. അസ്സൽ ആധാരവും പകർപ്പും ഹാജരാക്കണം<br>2. മുൻവസ്തു ഉടമയുടെ സമ്മതപത്രം<br>3. വില്ലേജ്ഓഫീസിൽ മുക്കാലിയിൽ നിലനിൽക്കുന്ന വസ്തുനിരതരേഖയുടെ പകർപ്പും അസ്സലും<br>4. കെട്ടിട നമ്പർ അപേക്ഷയിലും, ആധാരത്തിലും കാണിച്ചിരിക്കേണ്ടതാണ്<br>5. കൈവശാവകാശരേഖ, പുനികുതി രസീതിയുടെ പകർപ്പ് | പ്രത്യേക ഫീസില്ല. എന്നാൽ ഓരോ 3 മാസം പിന്നിടുമ്പോഴും 500 രൂപ പിഴ നൽകണം. വസ്തു നികുതി അടക്കേണ്ടതാണ് | 7 ദിവസം |
| 8 | വസ്തു നികുതി ഒഴിവാക്കൽ | K. Smart മുഖേന | എന്ത് കാരണം കൊണ്ടാണോ നികുതി ഒഴിവിന് അപേക്ഷിക്കുന്നത് പ്രസ്തുത കാര്യം തെളിയിക്കുന്നതിനുള്ള രേഖയുടെ അസ്സലും പകർപ്പും ഹാജരാക്കണം. പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ നികുതി ഒഴിവാക്കുന്നതിന് തൻവർഷം വരെയുള്ള കെട്ടിട നികുതി അടച്ചു തീർത്തിരിക്കണം | ..... | 45 ദിവസം |
| 9 | വസ്തു നികുതി ഇളവ് ലഭിക്കുന്നതിന് | K. Smart മുഖേന | വസ്തു നികുതിയുടെ പകുതി അപേക്ഷയോടൊപ്പം അടക്കേണ്ടതാണ്. | ..... | 60 ദിവസം |
| 10 | വസ്തു നികുതി രജിസ്റ്ററിന്റെ പകർപ്പ്, കാലഴക്കം കാണിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവക്ക് | K. Smart മുഖേന | എത് ആവശ്യത്തിനെന്ന് കാണിച്ചിരിക്കണം | തിരുത്തിയ പകർപ്പ് ഫീ എന്നിവ നിരക്കുകൾ | 3 ദിവസം |
| 11 | വാസയോഗ്യമായ വസ്തു ഇല്ലെന്നുള്ള സർട്ടിഫിക്കറ്റ് | K. Smart മുഖേന | എത് ആവശ്യത്തിനെന്ന് കാണിച്ചിരിക്കണം | ..... | അന്നേ ദിവസം |
| 12 | ജനന രജിസ്ട്രേഷൻ | K. Smart മുഖേന | 1. ജനനം നടന പ്രദേശത്തുള്ള അടുത്ത സ്വയംഭരണ സ്ഥാപനത്തിലാണ് രജിസ്റ്റർ ചെയ്യേണ്ടത്.<br>2. വീട്ടിലാണ് എങ്കിൽ വീട്ടിലെ മുതിർന്ന അംഗവും ആശുപത്രി/സ്ഥാപനം ഇവയിലാണെങ്കിൽ അപേക്ഷയിൽ സ്ഥാപന മേധാവി മേലൊപ്പ് വച്ചിരിക്കണം<br>3. ഓൺലൈൻ രേഖകളിലുള്ള പേരുവിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്. | ഫീസില്ല | 7 ദിവസം |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 13 | ജനന രജിസ്ട്രേഷൻ 21 ദിവസത്തിനുശേഷം 30 ദിവസത്തിനുള്ളിൽ | പൂർണ്ണവും വസ്തുനിഷ്ഠവുമായ വിവരങ്ങൾ രേഖപ്പെടുത്തി K. Smart മുഖേന | 1. ജനനം നടന്ന പ്രദേശത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിലാണ് രജിസ്റ്റർ ചെയ്യേണ്ടത്<br>2. വീട്ടിലാണ് പ്രസവം നടന്നതെങ്കിൽ വീട്ടിലെ മുതിർന്ന അംഗവും ആശുപത്രി/സ്ഥാപനം ഇവയിലാണെങ്കിൽ അപേക്ഷയിൽ സ്ഥാപനമേധാവി ഒപ്പുവച്ച് വച്ചിരിക്കണം<br>3. ഓരോ കോളത്തിലെയും പേരുവിവരത്തിന് അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്<br>4. നടന്നു ജനന സർട്ടിഫിക്കറ്റിന് അർഹതയില്ല (20/- രൂപയുടെ മുദ്രപത്രത്തിൽ) | പിഴ 2 രൂപ | 7 ദിവസം |
| 14 | ജനന രജിസ്ട്രേഷൻ 30 ദിവസത്തിനു ശേഷം ഒരു വർഷം വരെ | പൂർണ്ണവും വസ്തുനിഷ്ഠവുമായ വിവരങ്ങൾ രേഖപ്പെടുത്തി K. Smart മുഖേന | 1. 30 ദിവസം കഴിഞ്ഞ് 1 വർഷം വരെയുള്ള ജനനം മാത്രമാണ് രജിസ്റ്റർ ചെയ്യുന്നതിന് കഴിയുക<br>2. സ്വീകൃത പ്രമാണങ്ങളുടെ സത്യവാങ്മൂലം ഒരു തവണയ് ആഫിസർ സാക്ഷ്യപ്പെടുത്തിയത്<br>3. ജനനം രജിസ്റ്റർ ചെയ്യുന്നതിന് വീഴ്ച വന്നത് ബോധ്യപ്പെടുത്തുന്നതിന് കാരിച്ച് പഞ്ചായത്ത് സെക്രട്ടറി നൽകുന്നതിന് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>4. പഞ്ചായത്തിൽ ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം ലഭിക്കുന്നതിന് സെക്രട്ടറിക്ക് 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | പിഴ 5 രൂപ | അനുവദം ലഭിക്കുന്ന മുറക്ക് |
| 15 | ജനന രജിസ്ട്രേഷൻ 1 വർഷത്തിന് ശേഷം രജിസ്റ്റർ | തുടർ നില്പ നടപടി ദിവിഷണൽ ഓഫീസർക്ക് അപേക്ഷ നൽകണം | ജനനം നടന്ന സ്ഥലത്ത് തന്നെ സ്ഥാപനത്തിലെ രജിസ്റ്ററിൽനിന്നും ലഭിക്കുന്ന ജനനം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രം, സത്യവാങ്മൂലം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ് | രജിസ്ട്രേഷൻ സമയത്ത് പഞ്ചായത്തിൽ 10 രൂപ പിഴ അടക്കേണ്ടതാണ് | അനുവദം ലഭിക്കുന്ന മുറക്ക് |
| 16 | ജനന/മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന സാക്ഷ്യപത്രത്തിന് | K. Smart മുഖേന | 1. ജനന/മരണം നടന്ന തിയതി കാണിച്ചിരിക്കണം<br>2. ജനന/മരണം നടന്നതിനുള്ള തെളിവുകൾ ഹാജരാക്കണം | തിരിച്ചിൽ ഫീസും സാക്ഷ്യപത്രത്തിനുള്ള ഫീസും നിശ്ചയിച്ചുള്ള തുക അടക്കേണ്ടതാണ് | 7 ദിവസത്തിനകം |
| 17 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ | K. Smart മുഖേന | 1. സ്കൂൾ അധികാരിയിൽനിന്നുള്ള ജനനതീയതി തെളിയിക്കുന്ന സാക്ഷ്യപത്രം<br>2. അപേക്ഷയിൽ ഒപ്പ് വച്ചിരിക്കുന്നവരുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് | ഒരു വർഷം വരെ വൈകിയും ഒരു വർഷത്തിനുശേഷം 5 രൂപ മുതൽ ഫീ | 3 ദിവസം |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 18 | മരണ രജിസ്ട്രേഷൻ (21 ദിവസത്തിനകം) | വസ്തുനിഷ്ഠ വുമായ വിവര ങ്ങൾ സഹിതം K. Smart മുഖേന | 1. മരണം നടന്ന പ്രദേശത്തുള്ള തദ്ദേശ ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യണം<br>2. വീട്ടിലാണ് മരണം നടന്നതെങ്കിൽ വീട്ടിലെ മുതിർന്ന അംഗവും സ്ഥാപനത്തിലാണെ ങ്കിൽ സ്ഥാപന മേധാവി അപേക്ഷ നൽകണം | ഫീസില്ല | 7 ദിവസം |
| 19 | മരണ രജിസ്ട്രേഷൻ 21 ദിവസം കഴിഞ്ഞ് 30 ദിവസത്തിനകം | - do - | 1. മരണം നടന്ന പ്രദേശത്തുള്ള തദ്ദേശ ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യണം<br>2. വീട്ടിലാണ് മരണം നടന്നതെങ്കിൽ വീട്ടിലെ മുതിർന്ന അംഗവും സ്ഥാപത്തിലാണെങ്കിൽ സ്ഥാപന മേധാവി മേലൊപ്പ് വച്ചും അപേക്ഷ നൽകണം | ലേറ്റ് ഫീ 2 രൂപ | 7 ദിവസം |
| 20 | മരണ രജിസ്ട്രേഷൻ 30 ദിവസം കഴിഞ്ഞ് 1 വർഷത്തിനകം | വസ്തുനിഷ്ഠ വുമായ വിവര ങ്ങൾ സഹിതം K. Smart മുഖേന | 30 ദിവസം കഴിഞ്ഞ് 1 വർഷം വരെയുള്ള മര ണമാണ് രജിസ്റ്റർ ചെയ്യുവാൻ കഴിയുക. | ലേറ്റ് ഫീ 5 രൂപ | ഉത്തരവ് ലഭിക്കുന്ന മുറക്ക് |
| 21 | മരണ രജിസ്ട്രേഷൻ 1 വർഷത്തിനുമേൽ വൈകിയത് | തൃശൂർ ജില്ലാ റവന്യൂ ഡിവിഷണൽ ആഫീ സർക്ക് K. Smart മുഖേന അപേക്ഷ നൽകണം | മരണം നടന്ന സ്ഥലത്തെ തദ്ദേശ ഭരണ സ്ഥാപ നത്തിലെ സെക്രട്ടറിയിൽനിന്ന് നോൺ അവയി ലിബിലിറ്റി സർട്ടിഫിക്കറ്റും അപേക്ഷകന്റെ സത്യ വാങ്ങ് മൂലവും അപേക്ഷയോടൊപ്പം നൽകണം | രജിസ്ട്രേഷൻ സമയത്ത് 10 രൂപ ലേറ്റ് ഫീ അടക്കം | അനുവാദം ലഭിക്കുന്ന മുറക്ക് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | | | |
| 22 | ഹിന്ദു വിവാഹ രജിസ്ട്രേഷൻ | K. Smart മുഖേന<br>വരനും വധുവും സംയുക്തമായി നൽകുന്ന അപേക്ഷ നിശ്ചിത ഫാറത്തിലുള്ള വിവാഹ റിപ്പോർട്ട് 2 കോപ്പി. വരന്റെയും വധുവിന്റെയും ജനന തിയ്യതി തെളിയിക്കുന്നതിനുള്ള രേഖ<br>വിവാഹ ക്ഷണക്കത്ത് അഥവാ വിവാഹം നടന്നുവെന്ന് തെളിയിക്കുന്ന മറ്റ് രേഖ | 1. വിവാഹം നടന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകണം<br>2. വധുവിന് 18 വയസ്സ്, വരന് 21 വയസ്സും പൂർത്തിയായിരിക്കണം.<br>3. പുനർവിവാഹമാണെങ്കിൽ ആദ്യവിവാഹം നിയമപരമായി വേർപെടുത്തിയിരിക്കണം<br>4. വിവാഹം നടന്ന് 15 ദിവസത്തിനകം/പരമാവധി 30 ദിവസത്തിനകവും അപേക്ഷ നൽകണം | ഫീസില്ല | അന്നേദിവസം |
| 23 | 30 ദിവസത്തിൽ കൂടുതൽ താമസിച്ച വിവാഹം രജിസ്റ്റർ ചെയ്യൽ | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിവ് അനുവാദത്തിന് ജില്ലാ രജിസ്ട്രാർക്കുള്ള അപേക്ഷ<br>2. വിവാഹ റിപ്പോർട്ട് 2 കോപ്പി<br>3. വധുവിന്റെയും വരന്റെയും ജനനതിയ്യതി തെളിയിക്കുന്നതിനുള്ള രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. വിവാഹം നടന്നതിനുള്ള തെളിവ്/വിവാഹ ക്ഷണപത്രിക സമുദായ സംഘടനയുടെ വിവാഹ പത്രിക<br>5. സാക്ഷികളുടെ വയസ്സ് തെളിയിക്കുന്ന രേഖയുടെ പകർപ്പ് | വിവാഹം നടന്ന തദ്ദേശ സ്ഥാപനത്തിൽ അപേക്ഷ നൽകണം | ഫീസ് ഇല്ല | ജില്ലാ രജിസ്ട്രാറുടെ അനുവാദം ലഭിക്കുന്ന മുറക്ക് |
| 24 | പൊതു വിവാഹ രജിസ്ട്രേഷൻ | K. Smart മുഖേന ആവശ്യമായ രേഖകൾ സഹിതം വരന്റേയും വധുവിന്റേയും സംയുക്ത അപേക്ഷ | | രജിസ്ട്രേഷൻ ഫീ 100 രൂപ<br>സർട്ടിഫിക്കറ്റ് ഫീ 20 രൂപ | 7 പ്രവൃത്തി ദിവസം |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | | | 4. വധുവും വരനും ഗ്രാമപഞ്ചായത്തിൽ നേരിട്ട് ഹാജരായി ഒപ്പ് രേഖപ്പെടുത്തണം<br>5. 45 ദിവസത്തിനകം രജിസ്റ്റർ ചെയ്യണം | | |
| 25 | പൊതു വിവാഹ രജിസ്ട്രേഷൻ 45 ദിവസത്തിനുശേഷം 5 വർഷത്തിനകം | - do - | - do - | രജിസ്ട്രേഷൻ ഫീ 100 രൂപ സർട്ടിഫിക്കറ്റ് ഫീ 20 രൂപ പിഴയായി 100 രൂപ | 7 പ്രവൃത്തി ദിവസം |
| 26 | പൊതു വിവാഹ രജിസ്ട്രേഷൻ 5 വർഷത്തിനുശേഷം | - do -<br>തദ്ദേശ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് K. Smartമുഖേന അനുവാദം നൽകണമെന്ന് കാണിച്ചുള്ള അപേക്ഷ | - do - | രജിസ്ട്രേഷൻ ഫീ 100 രൂപ സർട്ടിഫിക്കറ്റ് ഫീ 20 രൂപ പിഴ 250 രൂപ | അനുവാദം ലഭിക്കുന്ന മുറക്ക് |
| 27 | വിവാഹ സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ | K. Smart മുഖേന അനുവാദം നൽകണമെന്ന് കാണിച്ചുള്ള അപേക്ഷ | | തെരച്ചിൽ ഫീ - 2 രൂപ പകർപ്പ് ഫീ - 10 രൂപ | 3 ദിവസം |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 27 | വ്യാപാരങ്ങൾ നടത്തുന്നതിനുള്ള ലൈസൻസുകൾ | K. Smart മുഖേന | 1. കെട്ടിട ഉടമയുടെ സമ്മതപത്രം<br>2. വ്യാപാരം തുടങ്ങുന്നതിന് 30 ദിവസം മുമ്പ് അപേക്ഷ നൽകണം<br>3. ലൈസൻസുകൾ പുതുക്കുന്നതിന് അതാതുവർഷം ഫെബ്രുവരി 28ന് മുമ്പ് അപേക്ഷിക്കണം | | 7 ദിവസം |
| 28 | വ്യവസായം / ചെറുകിട വ്യവസായത്തിനുള്ള ലൈസൻസുകൾ | K. Smart മുഖേന<br>2. കെട്ടിട ഉടമയുടെ സമ്മതപത്രം<br>3. വസ്തുവിന്റെ ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. കെട്ടിടത്തിന്റെ പ്ലാൻ<br>5. സൈറ്റ് പ്ലാൻ<br>6. മെഷിനറിയുടെ വിശദവിവരവും ഉൽപ്പന്നത്തിന്റെയും മാലിന്യത്തിന്റെയും വിവരങ്ങൾ അടങ്ങുന്ന റിപ്പോർട്ട് | 1. 5 എച്ച്.പി. വരെയുള്ള ലൈസൻസുകൾ സെക്രറിയുടെ അന്വേഷണത്തിനുശേഷം അനുവദിക്കുന്നതാണ്.<br>2. 5 എച്ച്. പി. മുതൽ 25 എച്ച്. പി. വരെയുള്ളത് പഞ്ചായത്ത് തീരുമാനപ്രകാരം അനുവദിക്കുന്നതാണ്.<br>3. പൊലൂഷൻ കൺട്രോൾ ബോർഡിന്റെ അനുവാദം ആവശ്യമുള്ള ലൈസൻസുകൾ അംഗീകാരത്തിനുശേഷം മാത്രമേ നൽകുകയുള്ളു<br>4. 25 എച്ച്.പി.യിൽ കൂടുതൽ ശേഷിയുള്ള സ്ഥാപനങ്ങൾക്ക് ജില്ലാ മെഡിക്കലാഫീസറുടെ അംഗീകാരത്തിനുശേഷം നൽകുകയുള്ളു.<br>5. മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമാണ്.<br>6. ഫയർ ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ആവശ്യമെങ്കിൽ ആയതും ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ആവശ്യമെങ്കിൽ ആയതും ലഭിച്ചശേഷം<br>7. എക്സ്പ്ലോസിവ് ഇനങ്ങൾക്ക് ടി ഡിപ്പാർട്ടുമെന്റിന്റെ അനുവാദം ആവശ്യമാണ് | ഡി.ഒ. റൂൾസ് പ്രകാരം ഉള്ള ഫീ. (ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണത്തിന് പി. എഫ്.എ. നിയമപ്രകാരം ഫീ ഒടുക്കി ലൈസൻസ് സമ്പാദിക്കേണ്ടതാണ്) | 7 ദിവസം |
| 28 | നായ / പട്ടി / പന്നി വളർത്തുന്നതിനുള്ള ലൈസൻസ് | K. Smart മുഖേന അപേക്ഷ<br>2. നായ / പട്ടി എന്നിവക്ക് ആന്റി റാബിസ് ഇഞ്ചക്ഷൻ എടുത്ത സാക്ഷ്യപത്രം<br>3. പന്നി വളർത്തൽ നടത്തുന്നതിന് ആരോഗ്യ വകുപ്പിന്റെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് | 1. നായകളെയും പട്ടികളെയും അഴിച്ചിട്ട് വളർത്തുവാൻ പാടില്ല<br>2. പന്നി വളർത്തുന്നതിന് ആവശ്യമായ മാലിന്യ നിർമ്മാർജ്ജന സൗകര്യം ഏർപ്പെടുത്തിയിരിക്കണം. | 50 രൂപ | 15 ദിവസം |

## സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 1 | ദേശീയ വാർദ്ധക്യകാല പെൻഷൻ പ്രതിമാസം 1600 രൂപ | 1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ (ഓൺലൈൻ)<br>2. വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ, റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി<br>3. ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>4. വരുമാനസർട്ടിഫിക്കറ്റ് ഓണ്ലൈനായി | 1. 60 വയസ്സ് പൂർത്തിയായിരിക്കണം<br>2. മറ്റ് യാതൊരു പെൻഷനുകളും വാങ്ങുന്നവരാകരുത്<br>3. കുടുംബ വാർഷിക വരുമാനം 1,00,000 രൂപയിൽ അധികരിക്കരുത്.<br>4. പെൻഷൻ അനുവദിക്കുന്ന മുറക്ക് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിരിക്കണം. | | കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് |
| 2 | അഗതി പെൻഷൻ (വിധവകൾക്കും, വിവാഹ മോചിതർക്കും) പ്രതിമാസം1600രൂപ | 1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ കോപ്പി<br>2. റേഷൻ കാർഡിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)<br>3. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് അഥവാ കഴിഞ്ഞ 7 വർഷമായി ഭർത്താവിനെക്കുറിച്ച് യാതൊരു അറിവും ഇല്ലെന്നുള്ള രേഖ. (പ്രസിഡന്റിന്റെ പക്കൽനിന്നും) അല്ലെങ്കിൽ വിവാഹ മോചിതയായതിന്റെ സർട്ടിഫിക്കറ്റ്<br>4. ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, തിരിച്ചറിയൽ കാർഡ്<br>5. വരുമാനസർട്ടിഫിക്കറ്റ് | 1. കുടുംബ വാർഷിക വരുമാനം 1,00,000 രൂപ<br>2. മറ്റ് യാതൊരു പെൻഷനുകളും വാങ്ങുന്നവരാകരുത്<br>3. കഴിഞ്ഞ 2 വർഷമായി കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം<br>4. യാചകവൃത്തി തൊഴിലായി സ്വീകരിച്ചവരാകരുത്.<br>5. പെൻഷൻ അനുവദിക്കുന്ന മുറക്ക് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിരിക്കണം. | | പഞ്ചായത്ത് കമ്മിറ്റി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് |
| 3 | വികലാംഗ പെൻഷൻ (വികലാംഗർ, മന്ദബുദ്ധികൾ, ബധിരർ, മൂകർ, അന്ധർ എന്നിവർക്ക് പ്രതിമാസം 1600 രൂപ) | 1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ (ഓൺലൈൻ)<br>2. റേഷൻ കാർഡിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)<br>3. പി.എച്ച്.സി. മെഡിക്കൽ ഓഫീസറുടെയോ ഗവ: ആശുപത്രിയിലെ മെഡിക്കൽ ഓഫീസറുടെയോ നിശ്ചിത ഫാറത്തിലുള്ള സാക്ഷ്യപത്രം<br>4. തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി<br>5. ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് | 1. വാർഷിക വരുമാനം 1,00,000 രൂപയിൽ അധികരിക്കരുത്<br>2. സ്വന്തം വരുമാനം പ്രതിമാസം 250 രൂപയിൽ അധികരിക്കരുത്<br>3. 45 ശതമാനത്തിൽ അധികം വൈകല്യമുണ്ടായിരിക്കണം<br>4. അന്ധർക്ക് 100 ശതമാനം വൈകല്യം ഉണ്ടായിരിക്കണം<br>4. പെൻഷൻ അനുവദിക്കുന്ന മുറക്ക് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിരിക്കണം. | | പഞ്ചായത്ത് കമ്മിറ്റി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 4 | കർഷക തൊഴിലാളി പെൻഷൻ പ്രതിമാസം 1600 രൂപ | 1. നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ (ഓൺലൈൻ)<br>2. റേഷൻ കാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയത്.<br>3. കർഷക തൊഴിലാളി ക്ഷേമനിധി അംഗത്വം തെളിയിക്കുന്ന രേഖ<br>4. വയസ്സ് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം<br>5. തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി<br>6. ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് | 1. വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയായിരിക്കണം.<br>2. കഴിഞ്ഞ 10 വർഷക്കാലം കർഷക തൊഴിലാളിയായി കേരളത്തിൽ പണിയെടുത്തിരിക്കണം.<br>3. കർഷക തൊഴിലാളി ക്ഷേമനിധി അംഗത്വം.<br>4. കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മറ്റു ക്ഷേമപെൻഷനുകൾ ഉണ്ടാകരുത്.<br>5. 60 വയസ്സ് പൂർത്തീകരിക്കണം.<br>6. പെൻഷൻ അനുവദിക്കുന്ന മുറക്ക് ദേശസാൽകൃത ബാങ്കിലോ പോസ്റ്റോഫീസിലോ അക്കൗണ്ട് തുടങ്ങിയിരിക്കണം. | | പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് |
| 5 | അവിവാഹിതരായ 50 വയസ്സുകഴിഞ്ഞ സ്ത്രീകൾക്കു പെൻഷൻ പ്രതിമാസം 1600 രൂപ | 1. നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ (ഓൺലൈൻ)<br>2. റേഷൻ കാർഡിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയത്.<br>3. വില്ലേജാഫീസറുടെ സാക്ഷ്യപത്രം നിർദ്ദിഷ്ട ഫാറത്തിൽ (വിവാഹിതയല്ല എന്നത്)<br>4. വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.<br>5. തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ 2 കോപ്പി<br>4. ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് | 1. അപേക്ഷകയുടെ വാർഷിക വരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ല.<br>2. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മറ്റ് പെൻഷൻ ലഭിക്കുന്നവർ ആകരുത്.<br>3. പെൻഷൻ അനുവദിക്കുന്ന മുറക്ക് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങിയിരിക്കണം. | | പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് |
| 6 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 1. നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ (ഓൺലൈൻ)<br>2. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയത്)<br>3. റേഷൻ കാർഡിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്).<br>4. വധൂവരന്മാരുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.<br>5. വിവാഹ സർട്ടിഫിക്കറ്റ്<br>6. വരുമാന സർട്ടിഫിക്കറ്റ് | 1. അപേക്ഷകയുടെ വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.<br>2. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മറ്റ് പെൻഷൻ ഉണ്ടാകരുത്. | | പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുന്ന മുറയ്ക്ക് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 7 | തൊഴിൽ രഹിത വേതനം പ്രതിമാസം 120 രൂപ | 1. നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ (ഓൺലൈൻ)<br>2. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 2 കോപ്പി.<br>3. റേഷൻ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 2 കോപ്പി.<br>4. വിവാഹം ചെയ്തവരാണെങ്കിൽ സ്വന്തം സ്ഥലത്തെ തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നും വേതനം ലഭിക്കുന്നില്ലെന്ന എന്ന സാക്ഷ്യപത്രം 2 കോപ്പി.<br>5. വികലാംഗരെങ്കിൽ സാക്ഷ്യപത്രം 2 കോപ്പി.<br>6. വിദ്യാഭ്യാസ യോഗ്യത / പ്രായം തെളിയിക്കുന്ന രേഖ (സാക്ഷ്യപ്പെടുത്തിയത് - എസ്.എസ്. എൽ.സി. ഫസ്റ്റ് & ലാസ്റ്റ് പേജ്) 2 കോപ്പി.<br>7. ടി.സി.യുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 2 കോപ്പി.<br>8. തിരിച്ചറിയൽ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ 2 കോപ്പി | 1. വിദ്യാർത്ഥിയായിരിക്കരുത്.<br>2. കുടുംബവാർഷിക വരുമാനം 12,000 - ൽ താഴെ. സ്വന്തവരുമാനം പ്രതിമാസം 100 രൂപയിൽ കവിയരുത്.<br>3. ജനറൽ വിഭാഗത്തിൽ എസ്.എസ്. എൽ.സി. പാസ്സായവരും പട്ടിക ജാതി വിഭാഗത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയവരാകണം.<br>4. 18നും 35നും ഇടക്ക് പ്രായമുള്ളവരായിരിക്കണം.<br>5. 3 വർഷത്തെ സീനിയോറിട്ടി ജനറൽ വിഭാഗത്തിലും വികലാംഗർക്ക് 2 വർഷത്തെ സീനിയോറിട്ടിയും ഉണ്ടായിരിക്കണം.<br>6. സ്പെഷ്യൽ ഉത്തരവ് പ്രകാരം പുതുക്കിയവർക്ക് ടി പുതുക്കിയ തിയ്യതി മുതൽ<br>7. രജിസ്ട്രേഷൻ ഇരിങ്ങാലക്കുട എക്സ്ചേഞ്ചിലായിരിക്കണം<br>8. എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത് യഥാസമയം പുതുക്കാത്തവർ വേതനത്തിനർഹരല്ല. | | 45 ദിവസത്തിനകം അർഹത അനുസരിച്ച് തീരുമാനമെടുത്ത് അറിയിക്കുന്നതാണ് |

*ഈ പൗരാവകാശ രേഖയിൽ പ്രതിപാദിക്കാൻ വിട്ടുപോയിട്ടുള്ള സേവനങ്ങൾ നിലവിലുള്ള കേരള പഞ്ചായത്ത് രാജ് ആക്റ്റിനും ചട്ടങ്ങൾക്കും വിധേയമായിരിക്കും.*

K. Smart എന്ന വെബ്സൈറ്റിൽ വസ്തുനികുതി ഓൺലൈനായി ഒടുക്കുന്നതിനും ഉടമസ്ഥത സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനും സൗകര്യം ലഭ്യമാണ്. K. Smart സോഫ്റ്റ്വെയറിൽ സിറ്റിസൺ പോർട്ടർ വഴിയോ, അക്ഷയകേന്ദ്രം വഴിയോ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

# പൂമംഗലം ഗ്രാമപഞ്ചായത്ത്

## സേവനാവകാശ നിയമം 2012

## ഈ ഓഫീസിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾ

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | സമയപരിധി | നിയുക്ത ഉദ്യോഗസ്ഥൻ | ഒന്നാം അപ്പലേറ്റ് അതോറിറ്റി | രണ്ടാം അപ്പലേറ്റ് അതോറിറ്റി |
|---|---|---|---|---|---|
| 1 | ജനന രജിസ്ട്രേഷൻ (1969 ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്) (1999 - ലെ കേരള ജനന - മരണ രജിസ്ട്രേഷന്റെ ചട്ടങ്ങൾ | 1. ആശുപത്രിയിൽ വച്ച് നടന്ന ജനനമെങ്കിൽ റിപ്പോർട്ട് ലഭിക്കുന്ന ദിവസം (ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം) | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം - മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ് | ചീഫ് രജിസ്ട്രാർ (ജനനം - മരണം) തദ്ദേശ സ്വയംഭരണ വകുപ്പ് |
| 2 | ജനന രജിസ്റ്ററിൽ പേര് ചേർക്കൽ (ജനനം രജിസ്റ്റർ ചെയ്തപ്പോൾ പേര് ചേർത്തിട്ടില്ലായെങ്കിൽ മാത്രം) (1969 - ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്)(1999 - ലെ ജനന - മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. 7 പ്രവൃത്തി ദിവസം 2. അനുമതി ലഭ്യമാക്കേണ്ട അപേക്ഷകളിൽ ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭ്യമായതിനുശേഷം 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം - മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ് | ചീഫ് രജിസ്ട്രാർ (ജനനം - മരണം) തദ്ദേശ സ്വയംഭരണ വകുപ്പ് |
| 3 | മരണ രജിസ്ട്രേഷൻ (1969 - ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്) (1999 - ലെ കേരള ജനന - മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 1. 15 പ്രവൃത്തി ദിവസം (ആശുപത്രി കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം) 2. വീട്ടിലും സ്ഥാപനങ്ങളിലും വച്ചുള്ള മരണം അന്വേഷിച്ച് രജിസ്റ്റർ ചെയ്യുന്നതിന് 7 പ്രവൃത്തി ദിവസം, 3. ആശുപത്രിയിൽ വച്ചു നടന്ന മരണം റിപ്പോർട്ട് ലഭിക്കുന്ന ദിവസം. | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം - മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ് | ചീഫ് രജിസ്ട്രാർ (ജനനം - മരണം) തദ്ദേശ സ്വയംഭരണ വകുപ്പ് |
| 4 | ജനനം - മരണം താമസിച്ചു രജിസ്റ്റർ ചെയ്താൽ (1969 - ലെ ജനന - മരണ രജിസ്ട്രേഷൻ ആക്ട്) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം - മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ് | ചീഫ് രജിസ്ട്രാർ (ജനനം - മരണം) തദ്ദേശ സ്വയംഭരണ വകുപ്പ് |
| 5 | ജനനം - മരണ സർട്ടിഫിക്കറ്റ് | 1. 12 - ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം. 2. മറ്റുള്ളവ 7 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം - മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ് | ചീഫ് രജിസ്ട്രാർ (ജനനം - മരണം) തദ്ദേശ സ്വയംഭരണ വകുപ്പ് |
| 6 | ദത്തെടുക്കുന്ന കുട്ടികളുടെ രജിസ്ട്രേഷൻ | 15 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം - മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ് | ചീഫ് രജിസ്ട്രാർ (ജനനം - മരണം) തദ്ദേശ സ്വയംഭരണ വകുപ്പ് |
| 7 | വിദേശത്തു നടന്ന ജനനങ്ങളുടെ രജിസ്ട്രേഷൻ (ബന്ധപ്പെട്ട നിയമ/ചട്ടങ്ങൾക്ക് വിധേയമായി) | 30 പ്രവൃത്തി ദിവസം | തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം - മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയം ഭരണ വകുപ്പ് | ചീഫ് രജിസ്ട്രാർ (ജനനം - മരണം) തദ്ദേശ സ്വയംഭരണ വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| 8 | വിവാഹ രജിസ്ട്രേഷൻ (1955-ലെ ഹിന്ദു വിവാഹ ആക്ട്/1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | 15 പ്രവൃത്തി ദിവസം | തദ്ദേശ രജി-സ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ തദ്ദേശ്യ സ്വയംഭരണ വകുപ്പ് |
| 9 | വിവാഹം താമസിച്ചു രജിസ്റ്റർ ചെയ്യൽ, 30 ദിവസത്തിനു ശേഷമു-ള്ളത് (1955-ലെ ഹിന്ദു വിവാഹ ആക്ട്/1957-ലെ കേരള ഹിന്ദു വിവാഹ രജിസ്റ്റർ ചെയ്യൽ ചട്ടങ്ങൾ) | അനുമതി ലഭിച്ചു 15 പ്രവൃത്തി ദിവസം | തദ്ദേശ രജി-സ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ തദ്ദേശ്യ സ്വയംഭരണ വകുപ്പ് |
| 10 | വിവാഹ സർട്ടിഫിക്കറ്റ് (1955-ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടത്തിയ രജിസ്ട്രേഷൻ) | 7 പ്രവൃത്തി ദിവസം | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ തദ്ദേശ്യ സ്വയംഭരണ വകുപ്പ് |
| 11 | വിവാഹ രജിസ്ട്രേഷൻ (2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം അഞ്ച് വർഷത്തിനു ശേഷമുള്ള വിവാഹ രജിസ്ട്രേഷൻ | അനുമതി ലഭിച്ച 7 പ്രവൃത്തി ദിവസം | വിവാഹ (പൊതു) തദ്ദേശ രജിസ്ട്രാർ/ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | ജില്ലാ രജിസ്ട്രാർ (ജനനം-മരണം) ഡെപ്യൂട്ടി ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് | ഹിന്ദു വിവാഹ രജിസ്ട്രാർ ജനറൽ തദ്ദേശ്യ സ്വയംഭരണ വകുപ്പ് ഡയറക്ടർ |
| 12 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 7 ദിവസം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | തദ്ദേശ്യ സ്വയംഭരണ ഡെപ്യൂട്ടി ഡയറക്ടർ | തദ്ദേശ സ്വയംഭരണ ജോയിൻറ് ഡയറക്ടർ |
| 13 | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 3 പ്രവൃത്തി ദിവസം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | തദ്ദേശ്യ സ്വയംഭരണ ഡെപ്യൂട്ടി ഡയറക്ടർ | തദ്ദേശ സ്വയംഭരണ ജോയിൻറ് ഡയറക്ടർ |
| 14 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | തദ്ദേശ്യ സ്വയംഭരണ ഡെപ്യൂട്ടി ഡയറക്ടർ | തദ്ദേശ സ്വയംഭരണ ജോയിൻറ് ഡയറക്ടർ |
| 15 | ഫാക്ടറികൾ വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് പഞ്ചായത്ത് ആക്ട് | 1. മറ്റ് സ്ഥാപനങ്ങളിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം 2. ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ചു കഴിഞ്ഞ് 7 ദിവസത്തിനകം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | തദ്ദേശ്യ സ്വയംഭരണ ഡെപ്യൂട്ടി ഡയറക്ടർ | തദ്ദേശ സ്വയംഭരണ ജോയിൻറ് ഡയറക്ടർ |
| 16 | വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ് | 1. മറ്റ് സ്ഥാപനങ്ങളിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേ-ണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം 2. ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ചു കഴിഞ്ഞ് 45 ദിവസത്തിനകം | ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടിഡയറക്ടർ | തദ്ദേശ സ്വയംഭരണ ജോയിൻറ് ഡയറക്ടർ |

# കുടുംബാരോഗ്യകേന്ദ്രം, പൂമംഗലം

**പ്രവർത്തന സമയം** : രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ; ഉച്ചതിരിഞ്ഞ് 2.00 മണി മുതൽ 3.00 മണി വരെ

മെഡിക്കൽ ഓഫീസർ : ഡോ.സന്തോഷ് കുമാർ

ഫീൽഡ് വിഭാഗം : രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ; ഉച്ചതിരിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ

ഓഫീസ് സമയം : രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ; ഉച്ചതിരിഞ്ഞ് 2.00 മണി മുതൽ 5.00 മണി വരെ

## ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ വിശദവിവരങ്ങൾ

| ക്രമ നമ്പർ | നൽകപ്പെടുന്ന സേവനം | സേവനം ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങൾ | അപേക്ഷകൻ പാലിക്കേണ്ട നിബന്ധനകൾ | സേവനം ലഭ്യമാകുന്ന സമയ പരിധി | സേവനം ലഭ്യമാകുന്ന സമയ പരിധി |
|---|---|---|---|---|---|
| 1 | പ്രാഥമിക രോഗ ചികിത്സ (ഒ.പി. വിഭാഗം)യും റഫറലും | പ്രത്യേക മാനദണ്ഡങ്ങളില്ല | ഒ.പി. ടിക്കറ്റ് എടുക്കണം | രാവിലെ 9 മണി മുതൽ ഉച്ചതിരിഞ്ഞ് 1 മണി വരെ | മെഡിക്കൽ ഓഫീസറുടെ ജോലിയുടെ അടിയന്തിര സ്വഭാവമനുസരിച്ച് സമയത്തിൽ മാറ്റം വരാവുന്നതാണ്. |
| 2 | ഗർഭിണികൾക്കുള്ള ക്ലീനിക്കുകൾ (ഗർഭപരിശോധന പ്രതിരോധ കുത്തിവെപ്പ് മരുന്ന് വിതരണം) | പ്രത്യേക മാനദണ്ഡങ്ങളില്ല | ഒ.പി. ടിക്കറ്റ് എടുക്കണം. ഗർഭിണിയായി രജിസ്റ്റർ ചെയ്തതിനുള്ള കാർഡുണ്ടെങ്കിൽ കാണിക്കേണ്ടതാണ്. | എല്ലാ ബുധനാഴ്ചയും പ്രാഥമികാരോഗ്യ കേന്ദ്രത്തിലും മാസത്തിൽ ഒരു നിശ്ചിത ദിവസം സബ് സെന്ററുകളിലും | സബ്സെന്ററുകളിലെ ക്ലിനിക് ദിവസം Jr. H.I/ Jr. PHN അറിയിക്കുന്നതാണ്. |
| 3 | കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ (ബി.സി.ജി., ഒ.പി.വി., ഡി.പി.ടി., മീസിൽസ്, ഹെപ്പറ്റൈറ്റിസ് - ബിവാക്സിൻ) | പ്രത്യേക മാനദണ്ഡങ്ങളില്ല | രോഗപ്രതിരോധ ചികിത്സാ കാർഡ് (Immunization Card) രക്ഷിതാക്കൾ സമർപ്പിക്കേണ്ടതാണ്. | എല്ലാ ബുധനാഴ്ചയും പ്രാഥമികാരോഗ്യ കേന്ദ്രത്തിലും നിശ്ചിത ദിവസങ്ങളിൽ സബ് സെന്ററുകളിലും | ജനങ്ങളുടെ ആവശ്യാനുസരണം തെരഞ്ഞെടുത്ത വീടുകളിലോ അംഗൻവാടികളിലോ വെച്ചും ക്ലിനിക്കുകൾ നടത്തുന്നതാണ്. |
| 4 | ജൂനിയർ-പബ്ലിക് ഹെൽത്ത് നേഴ്സുമാർ ഭവനസന്ദർശനം നടത്തി ഗർഭിണികളെയും ശിശുക്കളെയും കണ്ടെത്തി രജിസ്റ്റർ ചെയ്യുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും അയേൺ & ഫോളിക്കാസിഡ് ഗുളിക വിതരണം നടത്തുകയും ചെയ്യണം | ഗ്രാമപഞ്ചായത്തിനകത്ത് കഴിഞ്ഞ ആറ് മാസമായി സ്ഥിരതാമസമുണ്ടായിരിക്കണം | | ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ ഭവനസന്ദർശന വേളയിൽ/ Asha മാരുടെ ഭവന സന്ദർശനം | ജനങ്ങളുടെ ആവശ്യാനുസരണം തെരഞ്ഞെടുത്ത വീടുകളിലോ അംഗൻവാടികളിലോ വെച്ചും ക്ലിനിക്കുകൾ നടത്തുന്നതാണ്. |
| 5 | വിവിധ തരത്തിലുള്ള കുടുംബാസൂത്രണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണവും സഹായവും ലഭ്യമാക്കലും. | | | | |

| | | | | | |
|---|---|---|---|---|---|
| | 1) സ്ഥിരമാർഗ്ഗം<br>എ) ട്യൂബക്ടമി<br>ബി) വാസക്ടമി | | | | |
| | 2) താൽക്കാലിക കുടും-ബാസൂത്രണ മാർഗ്ഗങ്ങൾ | | | | |
| | എ) കോപ്പർടി | ഗർഭാശയ സംബന്ധമായ രോഗമില്ലാത്തവർ, ഒരു കുട്ടിയെങ്കിലുമുള്ളവർ, സിസേറിയൻ ഓപ്പറേഷൻ കഴിഞ്ഞിട്ടുള്ളവരാണെങ്കിൽ ആറ് മാസത്തിനുശേഷം | നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കണം | | അപേക്ഷാ ഫോറം Jr. H.I/Jr. PHN മാരിൽനിന്നും ലഭ്യമാണ്. |
| | ബി) നിരോധ്<br>സി) ഓറൽ കോൺട്രാ-സെപ്റ്റിവ് പീൽ | മാനദണ്ഡങ്ങൾ Jr. H.I / Jr. PHN മാർ നിർണ്ണയിക്കുന്നു | | ജൂനിയർ എച്ച്.ഐ/ ജൂനിയർ പി.എച്ച്. എൻ. മാരുടെ ഭവന സന്ദർശനവേളയിൽ ലഭിക്കുന്നു. | സബ്സെന്ററുകളിൽനിന്ന് 2-4 മണി സമയത്തും ലഭ്യമാണ്. |
| 6 | ദേശീയ മലമ്പനി പ്രതിരോധ പരിപാടിയനുസരിച്ച് പനിയുള്ളവരിൽനിന്ന് രക്ത സാമ്പിളുകൾ ശേഖരിക്കൽ, പരിശോധനയ്ക്ക് അയ-യ്ക്കൽ, രോഗനിർണ്ണയം നടത്തപ്പെട്ടവർക്ക് സമ്പൂർണ്ണ ചികിത്സ നൽകൽ | പനിയുള്ളവർ അല്ലെങ്കിൽ മലമ്പനി ചികിത്സ പൂർത്തിയാക്കിയവർ | | ഒ.പി. വിഭാഗത്തിലും Jr. H.I / Jr. PHN മാരുടെ ഭവന സന്ദർശന വേളയിലും. | |
| 7 | പുതുക്കിയ ദേശീയ ക്ഷയ-രോഗ നിയന്ത്രണ പരിപാടി (RNTCP) അനുസരിച്ച് ക്ഷയരോഗ നിർണ്ണയവും ഹ്രസ്വകാല ചികിത്സയും. | ഈ ഗ്രാമപഞ്ചായത്ത-തിർത്തിയിൽ / സ്ഥിരതാമസമുള്ളവരാ-യിരിക്കണം | | ഒ.പി. വിഭാഗത്തിലും Jr. H.I / Jr. PHN/ Asha മാരുടെ ഭവന സന്ദർശന വേളയിലും | മറ്റ് സ്ഥാപനങ്ങളിൽ നിന്ന് രോഗനിർണ്ണയം നടത്തി ഈ സ്ഥാപന-ത്തിലേക്ക് റഫർ ചെയ്യപ്പെടുന്നവർക്കും ചികിത്സ ലഭ്യമാണ്. |
| 8 | വയറിളക്ക രോഗ നിയന്ത്ര-ണവും പാനീയ ചികിത്സയും എ) ORS പാക്കറ്റ് വിതരണം ബി) കുടിവെള്ള സ്രോതസ്സു-കളുടെ ക്ലോറിനേഷൻ | വയറിളക്ക രോഗ ബാധിതർ | | | |
| 9 | കുടിവെള്ള സ്രോതസ്സു-കളുടെ ക്ലോറിനേഷൻ | | | | കുടിവെള്ള സ്രോതസ്സു-കൾ മലിനപ്പെടാൻ സാധ്യതയുള്ള സമയത്ത് Jr. H.I / Jr. PHN/ Asha മാർ നടത്തുന്നത് |
| 10 | സ്കൂൾ ആരോഗ്യപരിപാടി | | | | |
| 11 | ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പി-ക്കലും നടപ്പാക്കലും | | | | |
| 12 | കൗമാരപ്രായക്കാർക്കുള്ള ആരോഗ്യ വിദ്യാഭ്യാസ പരിപാടി | | | | അംഗൻവാടികൾ കേന്ദ്രീകരിച്ച് നടത്തുന്നു |

# പൗരാവകാശ രേഖ

